# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 6454 — 08-11-2016-ൽ മറുപടിക്ക്

## വിദ്യാർത്ഥി - യുവതലമുറയെ വ്യവസായ സംരംഭക മേഖലകളിലേക്ക് ആകർഷിക്കുന്നതിന് നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. രാജു എബ്രഹാം | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) കേരളത്തിലെ വിദ്യാർത്ഥി - യുവതലമുറയെ വ്യവസായ സംരംഭക മേഖലയിലേക്ക് ആകർഷിക്കുന്നതിനും കേരളത്തിന്റെ വ്യവസായ രംഗത്തിന് ഉണർവ് നൽകുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെ എന്ന് വിശദമാക്കാമോ ; | (എ) വിദ്യാർത്ഥികളിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന് ഗ്രേസ് മാർക്ക്, ഹാജർ എന്നിവ നൽകുന്ന സ്റ്റുഡന്റ്സ് എന്റർപ്രണർഷിപ്പ് പോളിസി നടപ്പാക്കുന്നുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ വികസന ക്ലബുകൾ (ഇ.ഡി. ക്ലബുകൾ) പ്രവർത്തിച്ചു വരുന്നു. വിദ്യാർത്ഥികൾക്ക് അവരുടെ നൂതന ആശയങ്ങളെ സംരംഭമായി വികസിപ്പിക്കുന്നതിന് കേരള സ്റ്റാർട്ട് അപ്പ് മിഷനിലൂടെ ഇൻക്യുബേഷൻ സൗകര്യങ്ങൾ ലഭ്യമാക്കുന്നുണ്ട്. സീഡ് ഫണ്ടിംഗ്, ആക്സിലേറ്റർ സൗകര്യം, സ്റ്റാർട്ട് അപ്പ് ബോക്സുകൾ നൽകുന്ന പദ്ധതി, പേറ്റന്റ് രജിസ്റ്റർ ചെയ്യുന്നതിനുള്ള ചെലവ് തിരിച്ചു നൽകുന്നതിനുള്ള പദ്ധതി, IOT, R&D ലാബ് സൗകര്യങ്ങൾ എന്നിവയും സ്റ്റാർട്ട് അപ്പ് മിഷനിലൂടെ നൽകി വരുന്നു. കൂടാതെ തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് ദേശീയവും അന്തർ ദേശീയവുമായ സെമിനാറുകളിലും മറ്റ് പരിപാടികളിലും പങ്കെടുക്കുന്നതിന് അവസരം നൽകുന്നുണ്ട്. അങ്ങനെ തൊഴിൽ അന്വേഷകരിൽ നിന്ന് യുവാക്കളെ തൊഴിൽദാതാക്കളാക്കി മാറ്റുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. |
| (ബി) ആധുനിക സാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും ഇത്തരം സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ; | (ബി) ആധുനിക സാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്ന സംരംഭകർക്ക് വായ്പാ സൗകര്യവും അടിസ്ഥാന സൗകര്യവും, വിദഗ്ദ്ധ ഉപദേശവും കെ.എസ്.ഐ.ഡി.സി. മുഖേന നൽകി വരുന്നു. പ്രത്യേക ആവശ്യങ്ങൾ മുൻനിർത്തി ഇൻഡസ്ട്രിയൽ പാർക്കുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു |

വരുന്നു. ലൈഫ് സയൻസ് പാർക്ക്, മെഗാ ഫുഡ് പാർക്കുകൾ, ലൈറ്റ് എഞ്ചിനീയറിംഗ് പാർക്കുകൾ, പെട്രോകെമിക്കൽ പാർക്ക്, ഇലക്ട്രോണിക് ഹാർഡ്‌വെയർ പാർക്ക് തുടങ്ങിയവ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്.

**(സി)** യുവതലമുറയുടെ വ്യവസായ സംരംഭക ആശയങ്ങൾക്ക് സാമ്പത്തിക അടിത്തറ ലഭ്യമാക്കുവാൻ എന്തൊക്കെ സഹായങ്ങൾ ചെയ്യുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത് ?

**(സി)** യുവ സംരംഭകർക്ക് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനായി ഒരു സീഡ് ഫണ്ടിംഗ് സ്കീം കെ.എസ്.ഐ.ഡി.സി. മുഖേന നടപ്പിലാക്കുന്നുണ്ട്. സംരംഭകത്വ സഹായ പദ്ധതിയിൽ യുവ സംരംഭകർക്ക് മൂലധന നിക്ഷേപത്തിന്റെ 20% വരെ (പരമാവധി 30 ലക്ഷം രൂപ) സഹായധനമായി നൽകുന്നു. യുവ സംരംഭകരെ ഇന്ത്യൻ ഏയ്ഞ്ചൽ നെറ്റ്‌വർക്ക്, ഇന്ത്യൻ വെർച്ച്വൽ ക്യാപിറ്റൽ അസോസിയേഷൻ തുടങ്ങിയ ഏജൻസികളുമായി ബന്ധപ്പെടുത്തി കൂടുതൽ സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

സെക്ഷൻ ഓഫീസർ